"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - നാഷണൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പഞ്ചകർമ്മ, ചെറുതുരുത്തി എന്ന സ്ഥാപനത്തിന് പാട്ടത്തിന് നല്കിയിരുന്ന തൃശ്ശൂർ ജില്ലയിലെ തലപ്പിള്ളി താലൂക്കിലെ ചെറുതുരുത്തി വില്ലേജ് സർവ്വേ നം. 313/2, 313/5, 313/7, 322/1, 317/2, 318/2, 319/2 എന്നിവയിൽ ഉൾപ്പെടുന്ന 2.0984 ഹെക്ടർ ഭൂമിയുടെ പാട്ടം, 25/05/2021 മുതൽ 25 വർഷത്തേയ്ക്ക് കൂടി ആർ ഒന്നിന് 100/- രൂപ നിരക്കിൽ പുതുക്കി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (എൽ) വകുപ്പ്**

സ.ഉ.(കൈ) നം.227/2025/RD　　തീയതി,തിരുവനന്തപുരം, 22-07-2025

---

പരാമർശം:-

1. 05/02/1999 ലെ സ.ഉ.(കൈ)നം.61/1999/റവ നം. ഉത്തരവ്
2. സെൻട്രൽ കൗൺസിൽ ഫോർ റിസർച്ച് ഇൻ ആയുർവേദിക് സയൻസസ് ഡയറക്ടർ ജനറലിന്റെ 07/06/2023 ലെ D.O.No.7-6/2003-CC RAS/Admn./1459 നം. കത്ത്.
3. ജില്ലാ കളക്ടറുടെ 21/02/2022 ലെ ബി.5-9677/2021 നം. കത്ത്.
4. ലാൻഡ് റവന്യൂ കമ്മീഷണറുടെ 20/12/2024 ലെ LR/5748/2022-LR (J7) നം. കത്ത്.

**ഉത്തരവ്**

തൃശ്ശൂർ ജില്ല തലപ്പിള്ളി താലൂക്കിലെ ചെറുതുരുത്തി വില്ലേജ് സർവ്വേ 313/2, 313/5, 313/7, 322/1, 317/2, 318/2, 319/2 എന്നിവയിൽ ഉൾപ്പെടുന്ന 2.4078 ഹെക്ടർ ഭൂമി കേന്ദ്ര സർക്കാരിന്റെ ആയുഷ് മന്ത്രാലയത്തിന്റെ കീഴിലുള്ള നാഷണൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പഞ്ചകർമ്മ, ചെറുതുരുത്തി എന്ന സ്ഥാപനത്തിന് പരാമർശം (1) പ്രകാരം 200/- രൂപ വാർഷിക പാട്ട നിരക്കിൽ 25.05.1996 മുതൽ 25 വർഷത്തേയ്ക്ക് പാട്ടത്തിന് നൽകിയിരുന്നു. ലീസിന് നൽകിയ കാലാവധി 24.05.2021-ന് അവസാനിച്ചിട്ടുള്ളതിനാൽ ആയത് പുതുക്കുന്നതിന് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് അപേക്ഷ സമർപ്പിച്ചിരുന്നു. പുതുക്കിയ ലീസ് പ്രപ്പോസലിൽ ലീസ് അനുവദിയ്ക്കേണ്ട ഭൂമിയുടെ വിസ്തൃതി 2.0984 ഹെക്ടർ എന്നാണ് രേഖപ്പെടുത്തിയിരുന്നത്. ആയതിൽ 0.3094 ഹെക്ടർ ഭൂമിയുടെ കുറവ് വന്നിട്ടുള്ളതാണ്. 05.02.1999 തീയതിയിലെ ജി.ഒ(എം.എസ്)നം.61/1999/ആർ.ഡി നമ്പർ പാട്ട ഉത്തരവ് പ്രകാരം 2.4078 ഹെക്ടർ ഭൂമിയ്ക്ക് ലീസ് അനുവദിച്ച് ഉത്തരവായെങ്കിലും പിൽക്കാലത്ത് കൊച്ചിൻ പാലത്തിന്റെ അനുബന്ധ റോഡ് വികസനത്തിനും ചെറുതുരുത്തി വില്ലേജിന്റെ നിർമ്മാണത്തിനുമായി 0.3094 ഹെക്ടർ ഭൂമി തിരിച്ചെടുത്തിട്ടുള്ളതിനാലാണ് ആകെ വിസ്തീർണ്ണത്തിൽ മാറ്റം വന്നിട്ടുള്ളത്. 24.05.2021 വരെയുള്ള കാലയളവിലേയ്ക്ക് പാട്ടത്തുക മേൽ സ്ഥാപനം ഒടുക്കിയിരുന്നതാണ്.

2. ഫെയർ വാല്യൂ രജിസ്റ്റർ പ്രകാരം അപേക്ഷാ ഭൂമിയോട് ചേർന്ന് കിടക്കുന്ന ചെറുത്തുരുത്തി വില്ലേജിൽപ്പെട്ട സർവ്വെ നമ്പർ 315-ലെ ഭൂമിയ്ക്ക് ആർ ഒന്നിന് 1,18,000/- രൂപയും സർവ്വെ 320-ൽപ്പെട്ട സ്ഥലത്തിന് ആർ ഒന്നിന് 3,00,000/- രൂപയും 321-ൽ ഉൾപ്പെട്ട സ്ഥലത്തിന് ആർ ഒന്നിന്

3,00,000/- രൂപയും വില നിശ്ചയിച്ചിട്ടുണ്ട്. ടി വസ്തുവഹകളുടെ നിലവിലെ ഫെയർ വാല്യൂ ആർ ഒന്നിന് 6,00,000/- രൂപയായതിനാൽ 6,00,000/- രൂപയുടെ ഇരട്ടി വിലയായ 12,00,000/- രൂപ മാർക്കറ്റ് വില നിശ്ചയിച്ച് ആയതിന്റെ അടിസ്ഥാനത്തിൽ പാട്ടത്തുക നിർണ്ണയിക്കാവുന്നതാണെന്നും ജി.ഒ.(എം.എസ്) നമ്പർ. 98/2016/റവ തീയതി: 06.02.2016 പ്രകാരം എയ്ഡഡ് മെഡിക്കൽ സ്ഥാപനങ്ങൾക്ക് പ്രതിവർഷം കമ്പോള വിലയുടെ 2% നിരക്കിൽ പാട്ടതുക ഈടാക്കേണ്ടതുള്ളതിനാൽ 12 ലക്ഷം രൂപയുടെ 2% ആയ 24,000/- രൂപ വീതം ആർ ഒന്നിന് ഈടാക്കാവുന്നതാണെന്ന് പരാമർശം(3) പ്രകാരം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ ടി സ്ഥാപനം സൗജന്യമായും അല്ലാതെയും പാവപ്പെട്ടവർ ഉൾപ്പെടെയുള്ളവർക്ക് ചികിത്സ പ്രദാനം ചെയ്യുന്ന സാഹചര്യത്തിൽ, പാട്ടത്തുക കുറയ്ക്കണമെന്ന് പരാമർശം(4) പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ ശുപാർശ ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മുൻ കാലങ്ങളിലും കുറഞ്ഞ നിരക്കിലാണ് ഭൂമി പാട്ടത്തിന് നൽകിയിരുന്നത് എന്നതും സാധാരണക്കാർക്ക് കുറഞ്ഞ ചിലവിൽ ചികിത്സ ലഭ്യമാക്കുന്ന സ്ഥാപനമെന്നതും കണക്കിലെടുത്ത് നാഷണൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പഞ്ചകർമ്മ, ചെറുതുരുത്തി എന്ന സ്ഥാപനത്തിന് പാട്ടത്തിന് നല്കിയിരുന്ന തൃശ്ശൂർ ജില്ലയിലെ തലപ്പിള്ളി താലൂക്കിലെ ചെറുതുരുത്തി വില്ലേജ് സർവ്വേ നം. 313/2, 313/5, 313/7, 322/1, 317/2, 318/2, 319/2 എന്നിവയിൽ ഉൾപ്പെടുന്ന 2.0984 ഹെക്ടർ ഭൂമിയുടെ പാട്ടം, 25/05/2021 മുതൽ 25 വർഷത്തേയ്ക്ക് കൂടി ആർ ഒന്നിന് 100/- രൂപ നിരക്കിൽ പുതുക്കി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**എം ജി രാജമാണിക്കം**

**സെക്രട്ടറി**

ഉത്തരവിൻ പ്രകാരം

Signed by

Prathapachandran S

Date: 23-07-2025 11:18:35

സെക്ഷൻ ഓഫീസർ

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
ജില്ലാ കളക്ടർ, തൃശ്ശൂർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) /(എ&ഇ), കേരള, തിരുവനന്തപുരം
വനം വകുപ്പ്(E3/141/2023-FWLD dated 23/07/2023)
ധനകാര്യ വകുപ്പ്(E-3074456/EXP-D3/33/2025-FIN dated 02/04/2025)
വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

(L)

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 17-07-2025

ഫയൽ നം. REV-L3/116/2022/REV. ഇനം നം: 3139

വിഷയം : റവന്യൂ വകുപ്പ് - നാഷണൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പഞ്ചകർമ്മ, ചെറുതുരുത്തി എന്ന സ്ഥാപനത്തിന് പാട്ടത്തിന് നൽകിയിരുന്ന തൃശ്ശൂർ ജില്ലയിലെ തലപ്പിള്ളി താലൂക്കിലെ ചെറുതുരുത്തി വില്ലേജ് സർവ്വേ 313/2, 5, 7, 322/1, 317/2, 318/2, 319/2 എന്നിവയിൽ ഉൾപ്പെടുന്ന 2.0984 ഹെക്ടർ ഭൂമിയുടെ പാട്ടം 25.05.2021 മുതൽ 25 വർഷത്തേയ്ക്ക് കൂടി ആർ ഒന്നിന് 100/- രൂപ നിരക്കിൽ പുതുക്കി നൽകുന്നത്.

തീരുമാനം : സർവ്വെ നമ്പർ "5", "7" എന്നത് യഥാക്രമം "313/5", "313/7" എന്ന ഭേദഗതിയോടെ കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

സെക്രട്ടറി, റവന്യൂ വകുപ്പ്.

3139

കേരള സർക്കാർ

(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1. | ഫയൽ നമ്പർ | REV-L3/116/2022-REV |
| 2. | വകുപ്പ് | റവന്യൂ (എൽ)വകുപ്പ് |
| 3. | വിഷയം | നാഷണൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പഞ്ചകർമ്മ, ചെറുതുരുത്തി എന്ന സ്ഥാപനത്തിന് പാട്ടത്തിന് നല്കിയിരുന്ന തൃശ്ശൂർ ജില്ലയിലെ തലപ്പിള്ളി താലൂക്കിലെ ചെറുതുരുത്തി വില്ലേജ് സർവ്വേ 313/2, 5, 7, 322/1, 317/2, 318/2, 319/2 എന്നിവയിൽ ഉൾപ്പെടുന്ന 2.0984 ഹെക്ടർ ഭൂമിയുടെ പാട്ടം 25/05/2021 മുതൽ 25 വർഷത്തേയ്ക്ക് കൂടി ആർ ഒന്നിന് 100/- രൂപ നിരക്കിൽ പുതുക്കി നല്കുന്നത് - സംബന്ധിച്ച്. |
| 4. | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 14/06/2025 |
| 5. | i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ?<br>ii) സാമ്പത്തിബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | അതെ<br>ഉണ്ട് |
| 6. | മറ്റേതെങ്കിലും വകുപ്പമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട് ; വനം വകുപ്പ് |
| 7. | കുറിപ്പ് സമർപ്പിച്ച ഡെപ്യൂട്ടി സെക്രട്ടറിയുടെ പേര് | ശ്രീ.അനു.എസ്.നായർ |
| 8. | കുറിപ്പ് സമർപ്പിച്ച സെക്രട്ടറിയുടെ പേര് | ശ്രീ.എം.ജി.രാജമാണിക്യം |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | 04/07/2025 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. എ. ജയതിലക് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 07/07/2025 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. കെ. രാജൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 08/07/2025 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 15.07.2025 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

1) കേന്ദ്രസർക്കാർ ആയുഷ് മന്ത്രാലയത്തിനു കീഴിലുള്ള നാഷണൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പഞ്ചകർമ്മ എന്ന സ്ഥാപനത്തിന് പാട്ടത്തിനനുവദിച്ചിരുന്ന തൃശ്ശൂർ ജില്ല, തലപ്പിള്ളി താലൂക്ക്, ചെറുതുരുത്തി വില്ലേജിലെ വിവിധ സർവ്വെ നമ്പറുകളിൽപ്പെട്ട 2.0984 ഹെക്ടർ ഭൂമിയുടെ പാട്ടം 25 വർഷത്തേയ്ക്കു കൂടി പുതുക്കി നല്കുന്ന കാര്യമാണ് കുറിപ്പിലെ പ്രതിപാദ്യം.

2) തൃശ്ശൂർ ജില്ല തലപ്പിള്ളി താലൂക്കിലെ ചെറുതുരുത്തി വില്ലേജ് സർവ്വേ 313/2, 5, 7, 322/1, 317/2, 318/2, 319/2 എന്നിവയിൽ ഉൾപ്പെടുന്ന 2.4078 ഹെക്ടർ ഭൂമി കേന്ദ്ര സർക്കാരിന്റെ ആയുഷ് മന്ത്രാലയത്തിന്റെ കീഴിലുള്ള നാഷണൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പഞ്ചകർമ്മ, ചെറുതുരുത്തി എന്ന സ്ഥാപനത്തിന് ജി.ഒ. (എം.എസ്)നം.61/99/റവ തീയതി: 05/02/1999 പ്രകാരം 200/- രൂപ വാർഷിക പാട്ട നിരക്കിൽ 25.05.1996 മുതൽ 25 വർഷത്തേയ്ക്ക് പാട്ടത്തിന് നൽകിയിരുന്നു. ലീസിന് നൽകിയ കാലാവധി 24.05.2021-ന് അവസാനിച്ചിട്ടുള്ളതിനാൽ ആയത് പുതുക്കുന്നതിന് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് അപേക്ഷ സമർപ്പിച്ചിരുന്നു. പുതുക്കിയ ലീസ് പ്രപ്പോസലിൽ ലീസ് അനുവദിക്കേണ്ട ഭൂമിയുടെ വിസ്തൃതി 2.0984 ഹെക്ടർ എന്നാണ് രേഖപ്പെടുത്തിയിരുന്നത്. ആയതിൽ 0.3094 ഹെക്ടർ ഭൂമിയുടെ കുറവ് വന്നിട്ടുള്ളതാണ്. 05.02.1999 തീയതിയിലെ ജി.ഒ(എം.എസ്)നം.61/1999/ആർ.ഡി നമ്പർ പാട്ട ഉത്തരവ് പ്രകാരം 2.4078 ഹെക്ടർ ഭൂമിയ്ക്ക് ലീസ് അനുവദിച്ച് ഉത്തരവായെങ്കിലും പിൽക്കാലത്ത് കൊച്ചിൻ പാലത്തിന്റെ അനുബന്ധ റോഡ് വികസനത്തിനും ചെറുതുരുത്തി വില്ലേജിന്റെ നിർമ്മാണത്തിനുമായി 0.3094 ഹെക്ടർ ഭൂമി തിരിച്ചെടുത്തിട്ടുള്ളതിനാലാണ് ആകെ വിസ്തീർണ്ണത്തിൽ മാറ്റം വന്നിട്ടുള്ളത്.

3) 24.05.2021 വരെയുള്ള കാലയളവിലേയ്ക്ക് പാട്ടത്തുക മേൽ സ്ഥാപനം ഒടുക്കിയിരുന്നതാണ്. ടി ഭൂമിയിലെ വൃക്ഷങ്ങൾ 50 വർഷത്തിലധികം പഴക്കമുള്ളവ ആയതിനാൽ അവയുടെ വിലനിർണ്ണയം വനം വകുപ്പ് മുഖേന

നിശ്ചയിക്കേണ്ടതുണ്ടെന്ന ജില്ലാ കളക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അഭിപ്രായം തേടിയപ്പോൾ വനം വകുപ്പ് ഇപ്രകാരം അഭിപ്രായപ്പെട്ടിരുന്നു.

"തൃശ്ശൂർ ജില്ലയിലെ നാഷണൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പഞ്ചകർമ്മ എന്ന സ്ഥാപനത്തിന്റെ പാട്ടം പുതുക്കുന്നതുമായി ബന്ധപ്പെട്ട് പ്രസ്തുത സ്ഥാപനത്തിന് പാട്ടത്തിന് നൽകിയ ഭൂമിയിലെ വൃക്ഷങ്ങളുടെ വിലനിർണ്ണയം, G.O(Rt.)No.68/2010/F&WLD dated:-10.02.2010 നമ്പർ സർക്കാർ ഉത്തരവിലെ മാനദണ്ഡമനുസരിച്ച് നടത്തി നൽകുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുവാൻ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (സോഷ്യൽ ഫോറസ്ട്രി)-ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിനാൽ, തൃശ്ശൂർ ജില്ലയിലെ നാഷണൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പഞ്ചകർമ്മ എന്ന സ്ഥാപനത്തിന് പാട്ടത്തിന് നൽകിയ ഭൂമിയിലെ വൃക്ഷങ്ങളുടെ വിശദാംശങ്ങൾ, ലൊക്കേഷൻ സ്കെച്ച്, സ്ഥലത്തിന്റെ സർവ്വേ സ്കെച്ച് മുതലായവ അസ്സിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (സോഷ്യൽ ഫോറസ്ട്രി), തൃശ്ശൂർ-ന് നേരിട്ട് സമർപ്പിച്ച് പ്രസ്തുത ഓഫീസുമായി ബന്ധപ്പെട്ട് തുടർ നടപടികൾ സ്വീകരിക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകേണ്ടതാണെന്ന് റവന്യൂ വകുപ്പിനെ അറിയിക്കുന്നു."

4) തുടർന്ന് അപ്രകാരം ജില്ലാ കളക്ടർക്ക് നിർദ്ദേശം നല്കിയിരുന്നു. ഫെയർ വാല്യൂ രജിസ്റ്റർ പ്രകാരം അപേക്ഷാ ഭൂമിയോട് ചേർന്ന് കിടക്കുന്ന ചെറുതുരുത്തി വില്ലേജിൽപ്പെട്ട സർവ്വെ നമ്പർ 315-ലെ ഭൂമിയ്ക്ക് ആർ ഒന്നിന് 1,18,000/- രൂപയും സർവ്വെ 320-ൽപ്പെട്ട സ്ഥലത്തിന് ആർ ഒന്നിന് 3,00,000/- രൂപയും 321-ൽ ഉൾപ്പെട്ട സ്ഥലത്തിന് ആർ ഒന്നിന് 3,00,000/- രൂപയും വില നിശ്ചയിച്ചിട്ടുണ്ട്. ടി വസ്തുവഹകളുടെ നിലവിലെ ഫെയർ വാല്യൂ ആർ ഒന്നിന് 6,00,000/- രൂപയായതിനാൽ 6,00,000/- രൂപയുടെ ഇരട്ടി വിലയായ 12,00,000/- രൂപ മാർക്കറ്റ് വില നിശ്ചയിച്ച് ആയതിന്റെ അടിസ്ഥാനത്തിൽ പാട്ടത്തുക നിർണ്ണയിക്കാവുന്നതാണെന്നും ജി.ഒ.(എം.എസ്)നമ്പർ 98/2016/റവ തീയതി: 06.02.2016 പ്രകാരം എയ്ഡഡ് മെഡിക്കൽ സ്ഥാപനങ്ങൾക്ക് പ്രതിവർഷം

കമ്പോള വിലയുടെ 2% നിരക്കിൽ തുക ഈടാക്കേണ്ടതുള്ളതിനാൽ 12 ലക്ഷം രൂപയുടെ 2% ആയ 24,000/- രൂപ വീതം ആർ ഒന്നിന് ഈടാക്കാവുന്നതാണെന്ന് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. എന്നാൽ ടി സ്ഥാപനം സൗജന്യമായും അല്ലാതെയും പാവപ്പെട്ടവർ ഉൾപ്പെടെയുള്ളവർക്ക് ചികിത്സ പ്രദാനം ചെയ്യുന്ന സാഹചര്യത്തിൽ, പാട്ടത്തുക കുറയ്ക്കണമെന്ന് ലാൻഡ് റവന്യൂ കമ്മീഷണർ ശുപാർശ ചെയ്തിട്ടുണ്ട്.

5) തുടർന്ന് ധനകാര്യ വകുപ്പിന്റെ അഭിപ്രായം തേടിയപ്പോൾ ടി വകുപ്പ് ചുവടെ സൂചിപ്പിച്ചിട്ടുള്ള പ്രകാരം അഭിപ്രായപ്പെട്ടിരുന്നു

"മുൻ കാലങ്ങളിലും കുറഞ്ഞ നിരക്കിലാണ് ഭൂമി പാട്ടത്തിന് നൽകിയിരുന്നത് എന്നതും സാധാരണക്കാർക്ക് കുറഞ്ഞ ചിലവിൽ ചികിത്സ ലഭ്യമാക്കുന്ന സ്ഥാപനമെന്നതും കണക്കിലെടുത്ത് നാഷണൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പഞ്ചകർമ്മ, ചെറുതുരുത്തി എന്ന സ്ഥാപനത്തിന് പാട്ടത്തിന് നൽകിയിരുന്ന തൃശൂർ ജില്ല തലപ്പിള്ളി താലൂക്കിലെ ചെറുതുരുത്തി വില്ലേജ് സർവ്വേ 313/2, 5, 7, 322/1, 317/2, 318/2, 319/2 എന്നിവയിൽ ഉൾപ്പെടുന്ന 2.0984 ഹെക്ടർ ഭൂമിയുടെ പാട്ടം 25.5.2021 മുതൽ 25 വർഷത്തേയ്ക്ക് കൂടി ആറൊന്നിന് 100 രൂപാ നിരക്കിൽ മന്ത്രിസഭയുടെ അനുമതിയോട് കൂടി പുതുക്കി നല്കുന്നതിനോട് ധന വകുപ്പ് യോജിക്കുന്നു.

ഇതിന് ബഹു.ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്."

6) മേൽ സാഹചര്യത്തിൽ, നാഷണൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പഞ്ചകർമ്മ, ചെറുതുരുത്തി എന്ന സ്ഥാപനത്തിന് പാട്ടത്തിന് നൽകിയിരുന്ന തൃശൂർ ജില്ലയിലെ തലപ്പിള്ളി താലൂക്കിലെ ചെറുതുരുത്തി വില്ലേജ് സർവ്വേ 313/2, 5, 7, 322/1, 317/2, 318/2, 319/2 എന്നിവയിൽ ഉൾപ്പെടുന്ന 2.0984 ഹെക്ടർ ഭൂമിയുടെ പാട്ടം 25.5.2021 മുതൽ 25 വർഷത്തേയ്ക്ക് കൂടി ആറൊന്നിന് 100 രൂപാ നിരക്കിൽ പുതുക്കി നല്കുന്ന വിഷയത്തിന്മേൽ ഉത്തരവിനായി ഫയൽ ബഹു.മുഖ്യമന്ത്രിയ്ക്ക്

ചംക്രമണം ചെയ്യപ്പോൾ മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിയ്ക്കുവാൻ ഉത്തരവായിട്ടുണ്ട്.

## തീരുമാനിക്കേണ്ട വിഷയം

സാധാരണക്കാർക്ക് കുറഞ്ഞ ചിലവിൽ ചികിത്സ ലഭ്യമാക്കുന്ന സ്ഥാപനമെന്നത് കണക്കിലെടുത്ത്, നാഷണൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പഞ്ചകർമ്മ ചെറുതുരുത്തി എന്ന സ്ഥാപനത്തിന് പാട്ടത്തിന് നൽകിയിരുന്ന തൃശ്ശൂർ ജില്ലയിലെ തലപ്പിള്ളി താലൂക്കിലെ ചെറുതുരുത്തി വില്ലേജ് സർവ്വേ 313/2, 5, 7, 322/1, 317/2, 318/2, 319/2 എന്നിവയിൽ ഉൾപ്പെടുന്ന 2.0984 ഹെക്ടർ ഭൂമിയുടെ പാട്ടം 25.5.2021 മുതൽ 25 വർഷത്തേയ്ക്ക് കൂടി പ്രതിവർഷം ആറൊന്നിന് 100 രൂപാ നിരക്കിൽ പുതുക്കി നല്കാവുന്നതാണോ ?